# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4306 — 17/05/2017-ൽ മറുപടിക്ക്

## സ്വകാര്യ ലാബുകളുടെ ഗുണനിലവാരം

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ശ്രീ.എം. സ്വരാജ്** | | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | സ്വകാര്യ ലാബുകളിൽ പലതും ഗുണനിലവാരമില്ലാത്തതാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) യും ബി) യും സി) യും ഡി) യും | സ്വകാര്യ ആശുപത്രികളും ലബോറട്ടറികളും ഉൾപ്പെടെയുളള ആതുരാലയങ്ങളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിന് നിലവിൽ സംവിധാനം ഇല്ല. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2017"-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | സ്വകാര്യലാബുകളുടെ നിലവാരമില്ലായ്മ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് അറിയിക്കുമോ; | | |
| സി) | ഇവിടങ്ങളിൽ പരിശോധന നടത്തുന്നവരുടെ യോഗ്യതയും,പരിശോധന ഉപകരണങ്ങളുടെ നിലവാരവും പരിശോധിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | | |
| ഡി) | ഇവയുടെ വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ